മുൻ പഞ്ചായത്ത് മെമ്പർമാർ, കൗൺസിലർ, ബ്ലോക്ക് മെമ്പർമാർ തുടങ്ങിയവർക്ക് പെൻഷൻ

112(2910)ശ്രീ.പി.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപഞ്ചായത്ത് മെമ്പർമാർ, കൗൺസിലർ, ബ്ലോക്ക് മെമ്പർമാർ തുടങ്ങിയവരുടെ കഴിഞ്ഞകാല സേവനം പരിശോധിച്ച് ഇന്ന് ജീവിച്ചിരിക്കുന്നവർക്ക് പെൻഷൻ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്കൂളുകളിലെ നിയമനങ്ങൾ

113 (2911)ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ നടത്തുന്ന സ്കൂളുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തുകൊണ്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം വിദ്യാലയങ്ങളിലെ നിയമനങ്ങൾ പി.എസ്. സി. ക്ക് വിട്ടുകൊടുക്കുവാൻ എന്തെല്ലാം അനന്തര നടപടികൾ സ്വീകരിച്ചു;

(സി) അതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കിയോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം നിയമസഭയുടെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.

പഞ്ചായത്ത് വകുപ്പിൽ പ്യൂൺമാരുടെ പ്രൊമോഷൻ

114(2912)ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ 4 വർഷം പൂർത്തിയാക്കിയ പ്യൂൺമാരിൽ യോഗ്യതയുള്ളവർക്ക് എൽ.ഡി.ക്ലാർക്കായി പ്രൊമോഷൻ നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly